"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവൽസര പദ്ധതി - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2274/2025/LSGD തീയതി,തിരുവനന്തപുരം, 20-09-2025

---

പരാമർശം:-
1. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ)നം.86/2022/ തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ)നം.90/2023/ തസ്വഭവ; തീയതി 09.04.2023
5. സ.ഉ.(കൈ)നം.164/2024/തസ്വഭവ; തീയതി 25.11.2024
6. സ.ഉ.(സാധാ)നം.1019/2025/തസ്വഭവ; തീയതി 23.04.2025
7. സ.ഉ.(കൈ)നം. 112/2025/തസ്വഭവ; തീയതി 03.07.2025
8. സ.ഉ.(സാധാ)നം.1650/2025/തസ്വഭവ; തീയതി 03.07.2025
9. സ.ഉ.(കൈ) നം.136/2025/തസ്വഭവ; തീയതി 08.08.2025
10. സ.ഉ.(സാധാ)നം.2071/2025/തസ്വഭവ; തീയതി 20.08.2025
11. സ.ഉ.(കൈ)നം. 158/2025/തസ്വഭവ; തീയതി 27.08.2025
12. സ.ഉ.(സാധാ)നം.2203/2025/തസ്വഭവ; തീയതി 14.09.2025

**<u>ഉത്തരവ്</u>**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് സർക്കാർ അനുമതി നല്കി ഉത്തരവാകുന്നു. വാർഷിക പദ്ധതി ഭേദഗതിക്ക് ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2. വാർഷിക പദ്ധതിയിൽ ചുവടെ പ്രതിപാദിച്ചിരിക്കുന്ന ഭേദഗതികൾ അനുവദനീയമാണെങ്കിലും അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെയും മാലിന്യമുക്ത നവകേരളത്തിന്റെയും ലക്ഷ്യപൂർത്തീകരണത്തിനുള്ള പുതിയ പ്രോജക്ടുകൾ/ഭേദഗതികൾ, വികസന സദസ്സ് സംഘടിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം തുടങ്ങിയവ നല്കുന്നതിനുള്ള പ്രോജക്ടുകൾ, പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർ അധിവസിക്കുന്ന ഉന്നതികളിലെ സമഗ്ര ആവാസ വികസനത്തിനുള്ള പ്രോജക്ടുകൾ, ലൈഫ് മിഷൻ

പ്രോജക്ടുകൾ എന്നിവയ്ക്ക് മുൻഗണന നല്കേണ്ടതാണ്.

i. അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ ലക്ഷ്യ പൂർത്തീകരണത്തിന് ആവശ്യമായ പ്രോജക്ടുകൾ നിർബന്ധമായും വാർഷിക പദ്ധതിയുടെ ഭാഗമാക്കുക/നിലവിലുള്ള പ്രോജക്ടുകളിൽ ഭേദഗതി ആവശ്യമാണെങ്കിൽ അവ വരുത്തുക. അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട ഭൂമിയും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് പരാമർശം 9 ഉത്തരവ് പ്രകാരം അനുമതി നൽകിയ അധിക തുക പ്രോജക്ടിൽ വകയിരുത്താവുന്നതാണ്.

ii. 'മാലിന്യമുക്ത നവകേരളത്തിനായുള്ള ജനകീയ ക്യാമ്പയിൻ'-ന്റെ ഭാഗമായി പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളിൽ ഭേദഗതി വരുത്തുകയോ ചെയ്യുക [ക്യാമ്പയിന്റെ ഭാഗമായി മാലിന്യസംസ്കരണ മേഖലയിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തിയതിൽ നിന്നും, മാലിന്യ സംസ്കരണത്തിനുള്ള സമ്പൂർണ്ണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതുണ്ടെന്നോ ലക്ഷ്യപൂർത്തീകരണത്തിന് ഏതെങ്കിലും തരത്തിലുള്ള കുറവുകൾ വന്നിട്ടുണ്ടെന്നോ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അവ നിർബന്ധമായും ഈ ഭേദഗതിക്കൊപ്പം വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. പൊതു ഇടങ്ങളിൽ ആവശ്യമായത്ര എണ്ണം ബിന്നുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകളും വാർഷിക പദ്ധതിയുടെ ഭാഗമക്കേണ്ടതാണ്. 'മാലിന്യമുക്ത നവകേരളം' ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിന് മുൻഗണന നല്കി വേണം പദ്ധതിയിൽ ഭേദഗതി വരുത്തേണ്ടത്]

iii. വികസന സദസ്സ് സംഘടിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക.

iv. വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകളും പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർ അധിവസിക്കുന്ന ഉന്നതികളിലെ സമഗ്ര ആവാസ വികസനത്തിനുള്ള പ്രോജക്ടുകളും പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതികളുടെ ഭാഗമാക്കുക.

v. ലൈഫ് മിഷൻ പ്രോജക്ടുകൾ ഉൾപ്പെടെ കൂടുതൽ തുക ആവശ്യമായ പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കൽ, മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂട്ടിച്ചേർത്ത് സംയുക്ത പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കൽ തുടങ്ങിയ ഭേദഗതികൾ വരുത്തുക.

vi. കേരള നോളജ് എക്കോണമി മിഷന്റെയും വിജ്ഞാന കേരളം പദ്ധതിയുടെയും ഭാഗമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക, വിജ്ഞാന കേരളം-കുടുംബശ്രീ തൊഴിൽ ക്യാമ്പയിന്റെ ഭാഗമായുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക, മറ്റ് നൈപുണ്യ പരിശീലനം, തൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ തുടങ്ങിയവ വർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.

vii. വികസന നേട്ടങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക.

viii. ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക [വികസന ഫണ്ട്/തനത് ഫണ്ട് വിനിയോഗിച്ച് ഉപ കേന്ദ്രങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടതാണ്.]

ix. ഭിന്നശേഷി വിഭാഗക്കാർക്ക് യു.ഡി.ഐ.ഡി കാർഡ്/മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നല്കുന്നതിന്റെ ഭാഗമായുള്ള മെഡിക്കൽ ക്യാമ്പ് ആരോഗ്യ വകുപ്പുമായി സഹകരിച്ച് നടത്തുന്നതിനുള്ള ചെലവ് വഹിക്കുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയുടെ

ഭാഗമാക്കൽ.

x. വാർഷിക പദ്ധതിക്കുള്ള അംഗീകാരം ജില്ലാ ആസൂത്രണസമിതിയിൽ നിന്ന് ലഭിച്ച ശേഷം നിർദ്ദേശിക്കപ്പെട്ട കേന്ദ്രാവിഷ്കൃത പരിപാടികൾ, സംസ്ഥാനാവിഷ്കൃത പരിപാടികൾ, സംസ്ഥാന പരിപാടികൾ, തുടങ്ങിയവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയോ ഇവയുടെ തദ്ദേശഭരണ സ്ഥാപന വിഹിതം വകയിരുത്തുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.

xi. സർക്കാർ നിർദ്ദേശ പ്രകാരം ഏറ്റെടുക്കാൻ നിർബന്ധിതമാകുന്ന പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക.

xii. പ്രോജക്ടുകളുടെ ധനസ്രോതസിൽ മാറ്റം വരുത്തുന്ന രീതിയിലുള്ള ഭേദഗതികൾ, അനിവാര്യമാണെങ്കിൽ മാത്രം വരുത്തുക (തനത് ഫണ്ട് വകയിരുത്തി, അത് ലഭ്യമല്ല എന്ന കാരണത്താലുള്ള ഭേദഗതികൾ അനുവദനീയമല്ല).

xiii. അനിവാര്യ പ്രോജക്ടുകൾക്ക് വിഹിതം നീക്കിവച്ച ശേഷം തുക ബാക്കിയുണ്ടെങ്കിൽ മാത്രം മറ്റ് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക.

xiv. കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ നിർവ്വഹണ യോഗ്യമാക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ പരിഷ്കരിക്കുക.

3. ഖണ്ഡിക 2 ൽ പ്രതിപാദിച്ച പുതിയ പ്രോജക്ടുകൾ മുൻഗണന അനുസരിച്ച് ഏറ്റെടുക്കാനും നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കാനും ചുവടെ പ്രതിപാദിച്ചിട്ടുള്ള കാരണങ്ങളാൽ ലഭ്യമാകുന്ന തുക ഉപയോഗിക്കേണ്ടതാണ്. വാർഷിക പദ്ധതിയിൽ ഇത്തരം ഭേദഗതികളും വരുത്താവുന്നതാണ്.

i. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രോജക്ട് എം.പിയുടെ പ്രാദേശിക വികസന പരിപാടി, എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് എന്നിവ ഉൾപ്പെടെയുള്ള കേന്ദ്ര/സംസ്ഥാന പരിപാടികൾ പ്രകാരം വകുപ്പുകളോ ഏജൻസികളോ നടപ്പാക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കുക.

ii. വെറ്റിംഗ് ഓഫീസറുടെ അനുമതി ലഭിക്കാതിരിക്കുക, സാങ്കേതികാനുമതി ലഭിക്കാതിരിക്കുക, മറ്റേതെങ്കിലും മതിയായ കാരണത്താൽ നിർവഹണം തുടങ്ങാൻ കഴിയാതിരിക്കുക തുടങ്ങിയ സന്ദർഭങ്ങളിൽ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കുക.

iii. മാർഗരേഖ/സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാത്തതും അംഗീകാരം ലഭിക്കാത്തതുമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കുക.

iv. മിച്ചം തുക പ്രോജക്ടുകളിൽ നിന്നും കുറവ് ചെയ്യുക [ടെണ്ടർ സേവിംഗ്സ്, മതിയായ ഗുണഭോക്താക്കൾ ഇല്ലാത്ത കാരണത്താൽ ലഭ്യമാകുന്ന ബാക്കി തുക, നിർവഹണം പൂർത്തിയായ ശേഷം മിച്ചം വരുന്ന തുക തുടങ്ങിയവ പ്രോജക്ടുകളിൽ നിന്നും കുറവ് ചെയ്യാവുന്നതാണ്].

v. നിർവ്വഹണം തുടരുന്നതിന് തടസ്സം നേരിടുന്ന പ്രോജക്ടുകൾ ഒഴിവാക്കുക.

vi. പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമായ പൊതു പ്രോജക്ടുകളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ ഒഴിവാക്കുക (ഇത്തരത്തിൽ ഒഴിവാക്കുന്ന പ്രോജക്ടുകൾ ഫീസിബിൾ അല്ലായെന്ന് ബന്ധപ്പെട്ട

പട്ടികജാതി വികസന ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം).

4. അനിവാര്യ പ്രോജക്ടുകൾക്ക് ഖണ്ഡിക 3 ൽ പ്രതിപാദിച്ച പ്രകാരം വിഹിതം ലഭ്യമാകുന്നില്ലെങ്കിൽ നിലവിലുള്ള പ്രോജക്ടുകൾ ഉപേക്ഷിച്ചോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം കുറവ് ചെയ്തോ വിഹിതം കണ്ടെത്താവുന്നതാണ്. താരതമ്യേന മുൻഗണന കുറഞ്ഞ പ്രോജക്ടുകൾ ആയിരിക്കണം ഉപേക്ഷിക്കേണ്ടത്.

5. വാർഷിക പദ്ധതി പരിഷ്കരണത്തിന് ചുവടെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

i. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന ഭേദഗതികൾ സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിശോധിച്ച് ശിപാർശ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഭേദഗതികൾ സംബന്ധിച്ച തീരുമാനം ഭരണസമിതി എടുക്കേണ്ടതാണ്.
ii. ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സുലേഖ സോഫ്റ്റ് വെയറിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച ശേഷം വെറ്റിംഗ് നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്.
iii. വാർഷികപദ്ധതി ഭേദഗതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകളുടെയും ഉപേക്ഷിച്ച പ്രോജക്ടുകളുടെയും പട്ടിക വാർഷിക പദ്ധതി ഭേദഗതിക്ക് ശേഷം ഏറ്റവും ആദ്യം കൂടുന്ന ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളിൽ നിർബന്ധമായും അവതരിപ്പിക്കേണ്ടതാണ്.

6. ജില്ലാ ആസൂത്രണ കമ്മിറ്റികൾ വാർഷിക പദ്ധതി ഭേദഗതിക്ക് അംഗീകാരം നല്കുമ്പോൾ, ഖണ്ഡിക 2.1, 2.2 എന്നിവ പ്രകാരമുള്ള അനിവാര്യ ഭേദഗതികൾ നിർബന്ധമായും വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ടെന്ന് പ്രത്യേകം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. ഇത്തരം അനിവാര്യ ഭേദഗതികൾ വരുത്താതെ സമർപ്പിക്കുന്ന വാർഷിക പദ്ധതി തിരിച്ചയയ്ക്കേണ്ടതും മാലിന്യ സംസ്കരണ സംവിധാനങ്ങളുടെയും അതിദാരിദ്ര്യ നിർമ്മാർജനത്തിന്റെയും ലക്ഷ്യ പൂർത്തീകരണത്തിനുള്ള പുതിയ പ്രോജക്ടുകളും ആവശ്യമായ ഭേദഗതികളും വരുത്തി പുന:സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതുമാണ്. ഇപ്രകാരം തിരിച്ചയ്ക്കുന്ന വാർഷിക പദ്ധതി മേൽപറഞ്ഞ അനിവാര്യ പ്രോജക്ടുകൾ ഉൾപ്പെടുത്തിയും അനിവാര്യ ഭേദഗതികൾ വരുത്തിയും സമർപ്പിക്കുന്ന മുറയ്ക്ക് മാത്രം അനുമതി നൽകാവുന്നതാണ്.

7. വാർഷിക പദ്ധതി പരിഷ്ക്കരിച്ച് ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കേണ്ട അവസാന തീയതി **2025 ഒക്ടോബർ 04** ആയിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും

6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
24. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
25. തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 20-09-2025 15:26:41
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്